# സെയിന്റ് ആന്റണീസ് ഹൈസ്കൂൾ
# കോയിവിള

# സ്കൂൾ അക്കാദമിക മാർഗരേഖ

# 2025-26

# ആ മുഖം

# ST ANTONY'S HS

# SCHOOL ACADEMIC MASTER PLAN

## ആമുഖം

സെന്റ് ആന്റണീസ് H.S കോയിവിളയുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കിയുള്ള അക്കാദമിക് മാസ്റ്റർ പ്ലാൻ വിവിധ സമിതികൾ PTA, MPTA, SRG, Subject കൗൺസിൽ എന്നിവയിലൂടെ നടത്തിയ അവലോകനം, സ്കൂളിന്റെ സവിശേഷ സാഹചര്യങ്ങൾ: പാഠ്യപദ്ധതി വിനിമയം, പഠനാന്തരീക്ഷം, പ്രവർത്തന കലണ്ടർ, എന്നിവയുടെ അടിസ്ഥാനത്തിൽ ഹ്രസ്വകാല, ദീർഘകാല ലക്ഷ്യങ്ങൾ, പ്രശ്നങ്ങളും അവയുടെ കാരണങ്ങളും, അവലോകനത്തിലെ കണ്ടെത്തലുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിവിധ വിഷയങ്ങളിലാക്കി ക്രോഡീകരിച്ചിരിക്കുന്നു.

ടി സ്കൂളിലെ ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ അതാത് തലങ്ങളിലുള്ള പഠനേട്ടങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി ആസ്വാദ്യകരമായി ലഭ്യമാക്കാൻ ഉതകുന്ന രീതിയിൽ പാഠ്യപദ്ധതി വിനിമയം ചെയ്യുന്നതിന് ടി അക്കാദമിക് മാസ്റ്റർ പ്ലാൻ ലക്ഷ്യമിടുന്നു. വിദ്യാലയത്തിന്റെ പ്രവർത്തനത്തിൽ കുട്ടിയുടെ പൂർണ്ണ പിന്തുണ ഉറപ്പാക്കുന്നു. ഈ അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ......

## വിദ്യാലയചരിത്രം

കരുനാഗപ്പള്ളി താലൂക്കിൽ തേവലക്കര വില്ലേജിൽ കോയിവിള എന്ന പുണ്യ ഗ്രാമഭൂമിയിൽ പ്രകൃതിസുന്ദരമായ അഷ്ടമുടികായലിന്റെ തീരത്ത് ദശാബ്ദങ്ങളായി അറിവിന്റെ അക്ഷരാഗ്നിയായി ജ്വലിച്ചു നിൽക്കുന്ന അച്ചടക്കമുള്ളതും സ്വതന്ത്ര ചിന്തയുള്ളവരുമായ ഒരു നവ തലമുറയെ സൃഷ്ടിക്കുന്നതിനായി പരിശ്രമിക്കുന്ന വിദ്യാലയമാണ് സെന്റ് ആന്റണീസ് ഹൈസ്കൂൾ കോയിവിള.

പുണ്യചരിത്രനും പുണ്യശ്ലോകനുമായ അഭിവന്ദ്യ ജെറോം പിതാവാണ് 1976 ജൂൺ 4-ാം തീയതി സ്കൂൾ സ്ഥാപിച്ചത്. തുടക്കത്തിൽ ഹൈസ്കൂൾ ആയിട്ടാണ് തുടങ്ങിയത്. 1982-ൽ യു പി ക്ലാസ്സ് കൂടി ചേർത്തു. 1999-ൽ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ കൂടി ആരംഭിച്ചു.

41 വർഷം പിന്നിടുമ്പോൾ തേവലക്കരയിലും പ്രാന്തപ്രദേശങ്ങളിലും അറിവിന്റെ വെളിച്ചം പകർന്നു നൽകികൊണ്ട് ഈ സ്കൂൾ നിലകൊള്ളുന്നു. സമൂഹത്തിന്റെ വിവിധ നിലകളിൽ വിദ്യാർത്ഥികളെ ഉന്നതിയിലെത്തിക്കുന്നതിന് ഈ സ്കൂളിന് സാധിച്ചിട്ടുണ്ട്. പാഠ്യ പാഠ്യേതര രംഗങ്ങളിൽ മികച്ച നിലവാരം പുലർത്തുവാനും നമുക്ക് കഴിഞ്ഞു.

2025-26 അധ്യയന വർഷം എസ്.എസ്.എൽ സി പരീക്ഷയിൽ 100% വിജയം കൈവരിക്കാൻ ഈ വിദ്യാലയത്തിനു കഴിഞ്ഞു. വരും തലമുറയെ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്താൻ ഹൈടെക് ക്ലാസ്സുറൂമുകൾ ഉപയോഗപ്പെടുത്തി അധ്യയനം ആരംഭിച്ചു. വിദ്യാഭ്യാസ വകുപ്പ് വിഭാവനം ചെയ്യുന്ന പുതിയ ഉണർവും പരിഷ്കാരങ്ങളും ഉൾക്കൊണ്ട് നാടിനു വെളിച്ചവും, മാതൃകയും ആകാനും, കുട്ടികളെ സജ്ജരാക്കികൊണ്ട്. മികവിന്റെ കേന്ദ്രമായി മാറാൻ ഞങ്ങളും ശ്രമിച്ചു കൊണ്ടിരിക്കുകയാണ്.

# ലക്ഷ്യങ്ങൾ

## (ഹ്രസ്വകാലം ,ദീർഘകാലം )

# ലക്ഷ്യങ്ങൾ

1. ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാവർക്കും ഉറപ്പുവരുത്തുന്നു.
2. എല്ലാവരും എഴുത്തും വായനയും അറിഞ്ഞിരിക്കണം.
3. ശാസ്ത്രകൗതുകം വളർത്തുന്നതിന് ഉതകുന്ന പഠന പ്രവർത്തനങ്ങൾ
4. ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു.
5. സാമൂഹിക ശാസ്ത്ര പഠനത്തിന് പഠനയാത്രകൾ സംഘടിപ്പിക്കുന്നു.
6. പിന്നോക്കം നില്ക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പരിഗണന നല്കുന്നു.
7. മോഡലുകളുടെയും ചാർട്ടുകളുടെയും നിർമ്മിതിയിൽ പങ്കാളികളാകുന്നു.
8. ഗണിതവായന - ഗണിതലൈബ്രറി
9. ഗണിത പ്രശ്നോത്തരി
10. നിറങ്ങളുടെ സംയോജനം - ഗണിത പൂക്കളം
11. വിവിധ ക്ലബ്ബുകളുടെ രൂപീകരണവും പ്രവർത്തനവും കൂടുതൽ സജീവമാക്കുന്നു.
12. കൃത്യമായ മൂല്യനിർണ്ണയവും പരിഹാര ബോധനവും നടത്തുന്നു.

13. ക്ലാസ് പി.റ്റി.എ വഴി രക്ഷിതാവിനുള്ള ബോധവത്കരണം നടത്തുന്നു.

14. ശില്പശാലകൾ സംഘടിപ്പിക്കുന്നു (മലയാളം)

15. അക്ഷരശ്ലോകം, നാടൻപാട്ട്, രചനാമത്സരങ്ങൾ ഇവ മലയാളഭാഷയുമായി ബന്ധപ്പെട്ട് സംഘടിപ്പിക്കുന്നു.

16. ലൈബ്രറി, ലബോറട്ടറി ഇവയുടെ പ്രവർത്തനം സജീവമാക്കുന്നു.

17. സഹവാസ ക്യാമ്പ് സംഘടിപ്പിക്കുന്നു.

18. കുട്ടികളുടെ മെഡിക്കൽ ചെക്കപ്പ്, ഫസ്റ്റ് എയ്ഡ്.

19. ഔഷധ ഉദ്യാനം

20. പച്ചക്കറിത്തോട്ടം

21. പ്ലാസ്റ്റിക് വിമുക്ത സ്കൂൾ.

22. മാലിന്യ സംസ്കരണം.

23. വൃദ്ധസദനം സന്ദർശിക്കൽ

24. നാണയസ്റ്റാമ്പ് ശേഖരണം

25. കാർഷിക ജീവിതത്തിന്റെ പൊരുൾതേടി

26. സോഷ്യൽ സയൻസ് ലാബ്, ലൈബ്രറി

27. ചരിത്ര പ്രദർശനം

28. പൊതുവിജ്ഞാനത്തിന്റെ തലങ്ങളിലേക്ക്

29. വാർത്താ ദർപ്പണങ്ങൾ

30. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പഠനം.

# കാഴ്ചപ്പാടും പ്രവർത്തന-ദിശയും

31. ദേശീയ ബോധവും പൗരബോധവും വളർത്തൽ

32. കായികക്ഷമത വർധിപ്പിക്കുന്ന പ്രവർത്തനങ്ങൾ

33. സ്കൂൾ ഗ്രൗണ്ട് നവീകരിക്കുക.

34. വിവിധ കോർട്ടുകളുടെ നിർമ്മാണം

35. ലഹരി വിമുക്ത ക്യാമ്പസ്

36. ആത്മീയ മാനസിക വളർച്ചയ്ക്ക് കൗൺസിലിംഗ് ക്യാമ്പ്

37. പോഷക സമ്പന്നമായ ഉച്ചഭക്ഷണ വിതരണം

38. സ്കൂൾ ഉച്ചഭക്ഷണ പരിപാടിയിൽ ജനകീയ പങ്കാളിത്തം

39. ശരിയായ ആരോഗ്യ ശുചിത്വ ബോധവത്കരണം.

40. പ്രതിരോധ കുത്തിവയ്പ്പുകൾ.

41. എല്ലാവർക്കും തൊഴിൽ നൈപുണി പരിശീലനം

42. സ്കൂൾ വിക്കി പീഡിയയുമായി സമ്പർക്കം

43. ഐ.ഇ.ഡി വിഭാഗത്തിൽപ്പെട്ടവർക്കും ഭിന്നശേഷി-ക്കാർക്കും പ്രത്യേക പരിഗണന

44. ഉയർന്ന പാരിസ്ഥിതികാവബോധത്തോടെ പ്രകൃതിയെ-യും വികസനത്തെയും കുറിച്ച് ശാസ്ത്രീയ സമീപനം പുലർത്തുന്ന കുട്ടികൾ

45. മൂന്നു ഭാഷയിൽ അനായാസം ആശയവിനിമയം നടത്താൻ ശേഷിയുള്ള കുട്ടികൾ.

# അവസ്ഥാ വിശകലനവും മുൻഗണനകളും

## അവസ്ഥാ വിശകലനം - ഭൗതികം

1. ശാന്തവും അച്ചടക്ക പൂർണ്ണവുമായ ക്ലാസ്സ് അന്തരീക്ഷം നിലനിർത്തുന്നു.
2. ആധുനിക സജ്ജീകരണങ്ങളോടും കൂടിയ ഹൈടെക് ക്ലാസ് മുറികൾ.
3. നിലവിലുള്ള ഓഫീസ് മുറി, സ്റ്റാഫ് മുറി എന്നിവ നവീകരിക്കുന്നു.
4. ഓരോ വിദ്യാർത്ഥിക്കും വിശാലമായ കമ്പ്യൂട്ടർ സംവിധാനം
5. സന്ദർശകർക്ക് വിശ്രമിക്കാനുള്ള സൗകര്യം.
6. ജൈവ വൈവിധ്യ പാർക്ക് സംഘടിപ്പിക്കും.
7. പച്ചക്കറിത്തോട്ടം സംഘടിപ്പിക്കും.
8. പ്ലാസ്റ്റിക് മുക്ത സ്കൂൾ പരിസരം.
9. ടാലന്റ് ലാബുകൾ സംഘടിപ്പിക്കും.
10. ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കും.
11. കളിക്കളത്തെ നവീകരിച്ചും പുതിയ കോർട്ടുകൾ നിർമ്മിച്ചും കായിക മേഖലയെ പരിപോഷിപ്പിക്കുന്നു.
12. മദ്യപാനം ലഹരിവസ്തുക്കളുടെ ഉപയോഗം എന്നിവയ്ക്കെതിരെ ബോധവത്ക്കരണം കൗൺസിലിംഗ് ക്ലാസ്സുകൾ സംഘടിപ്പിക്കും.

## മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

1. കുട്ടികളുടെ ഉയർന്ന പഠന നിലവാരം ലക്ഷ്യമിട്ടുള്ള പഠനാന്തരീക്ഷം, ഭൗതിക സാഹചര്യം ഇവ പ്രദാനം ചെയ്യുന്നു.
2. വായനാ പരിപോഷണം
3. ഭാഷാ ശേഷി വികസനം
4. പഠന യാത്രകൾ
5. സെമിനാർ
6. ഐ.ടി. പരിശീലനം
7. കലാകായിക മേള
8. ഗണിതശേഷി വികസനം
9. ദിനാചരണങ്ങൾ
10. ചരിത്ര പ്രദർശനം
11. പഠന ഉപകരണ നിർമ്മാണം.
12. സ്കൂൾ തല മേളകൾ
13. റിവേഴ്സ് ഡേ.
14. സഹവാസ ക്യാമ്പ്.
15. വായനാ മൂല.
16. ക്ലാസ് പി.ടി.എ സജീവമാക്കുക.
17. ഐ.സി.ടി ഉപയോഗം മെച്ചപ്പെടുത്തൽ
18. എസ്.ആർ.ജി. ശാക്തീകരണം
19. ലാബ്, ലൈബ്രറി നവീകരണം
20. വിവിധ ക്ലബ്ബുകളുടെ രൂപീകരണം.

21. [illegible]

22. [illegible]

23. [illegible]

## നിലവിലുള്ള അവസ്ഥ വിശകലനം - അക്കാദമികം

1. നിലവിൽ

2. വിവിധ വിഷയങ്ങൾക്ക് പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസുകൾ.

3. നവപ്രഭ, ശ്രദ്ധ പദ്ധതികളിലൂടെ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻ നിരയിൽ എത്തിക്കുന്നു.

4. ഇ-വായനക്കൂടി പരിപോഷിപ്പിക്കാൻ കഴിയുന്ന ആധുനിക സംവിധാനങ്ങളോടുകൂടിയ സ്കൂൾ ലൈബ്രറി.

5. ശാസ്ത്ര പരീക്ഷണങ്ങൾ പരിപോഷിപ്പിക്കാൻ കഴിയുന്ന ആധുനിക സംവിധാനങ്ങളോടുകൂടിയ സ്കൂൾ ലബോറട്ടറി.

6. ഹൈടെക് ക്ലാസ്മുറികൾ

7. സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ.

8. പ്രതിഭാശേഷികൾ കൂടുതൽ വർധിപ്പിക്കുന്നതിന് പ്രശസ്തരെ പങ്കെടുപ്പിച്ച് കൊണ്ട് സംവാദങ്ങൾ

9. ശില്പശാലകൾ, നാടകക്കളരികൾ, നാടൻ പാട്ടുകൾ ഇവ സംഘടിപ്പിക്കുന്നു.

10. ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു.

11. ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു.

12. ക്രിടാപ്പാസമ്മജ്ജി.

13. സ്കൂൾ മേളകൾ.

14. അദ്ധ്യാപക ശാക്തീകരണ പരിപാടികൾ സംഘടിപ്പിക്കും.

15. വിഷയാടിസ്ഥാനത്തിൽ അദ്ധ്യാപകർ പങ്കെടുക്കുന്ന സബ്ജക്ട് കൗൺസിൽ മീറ്റിംഗും തുടർന്ന് എസ്.ആർ. ജി മീറ്റിംഗുകളും സംഘടിപ്പിക്കുന്നു.

16. ഐ.റ്റി. അധിഷ്ഠിത പഠനവിഭവങ്ങൾ ഏത് വിദ്യാലയത്തിനും ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാൻ സമഗ്ര പോർട്ടൽ.

17. ലിറ്റിൽ കൈറ്റ്സ് പരിപാടി

18. ജെ.ആർ.സി. പദ്ധതി.

# പ്രവർത്തന പദ്ധതി

സമഗ്ര ഗുണമേന്മ പദ്ധതി

2025 - 2026 അധ്യയന വർഷം

സമഗ്ര ഗുണമേന്മ വർഷമായി ആചരിക്കുകയാണ്. കുട്ടികളുടെ സമഗ്ര പുരോഗതിയുമായി കുട്ടിക്കും മാതാപിതാക്കൾക്കും ജീവിതത്തിന്റെ നേരറിവുകൾ പകർന്നു കൊടുക്കണമെന്നതിനാൽ ക്ലാസ്സുകൾ സംഘടിപ്പിച്ചു ജൂൺ 2 പ്രവേശനോത്സവത്തോടെ സ്കൂളുകൾ ആരംഭിച്ചു.

2025 ജൂൺ 3

പൊതു കാര്യങ്ങൾ / മയക്കുമരുന്ന് / ലഹരി ഉപയോഗത്തിനെതിരെ

2025 ജൂൺ 4

റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ / ട്രാഫിക് നിയമങ്ങൾ

2025 ജൂൺ 5

വ്യക്തി ശുചിത്വം, പരിസര ശുചിത്വം, ഹരിതക്യാമ്പസ്, സ്കൂൾ സൗന്ദര്യവൽക്കരണം.

2025 ജൂൺ 9

ആരോഗ്യം, വ്യായാമം, കായികക്ഷമത.

2025 ജൂൺ 10 ഡിജിറ്റൽ അച്ചടക്കം

2025 ജൂൺ 11 പൊതു മുതൽ സംരക്ഷണം

2025 ജൂൺ 12 പരസ്പര സഹകരണത്തിന്റെ പ്രാധാന്യം, റാഗിങ്, വൈകാരിക നിയന്ത്രണമില്ലായ്മ

2025 ജൂൺ 13 പൊതു ക്രോഡീകരണം.

## അക്കാദമിക മാസ്റ്റർ പ്ലാൻ 2024 - 25, സോഷ്യൽ സയൻസ്

### ഉപമേഖല - ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠന പ്രവർത്തനവുമായി സംഘടിപ്പിക്കൽ | ജൂൺ - മാർച്ച് | SRG | - |

### ഉപമേഖല - സോഷ്യൽ സയൻസ് - മോക്ക് പാർലമെന്റ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടന പത്രിക, പ്രചാരണം മീറ്റ് ദ കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ ഉപയോഗിച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരണം. തുടർന്ന് മോക്ക് പാർലിമെന്റ് സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു തവണ | SS അധ്യാപകർ, സ്കൂൾ പാർലമെന്റ് ഭാരവാഹികൾ | - |

### ഉപമേഖല - സാമൂഹ്യശാസ്ത്രം - ലൈബ്രറി കോർണർ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്ര പഠന കാര്യക്ഷമമാക്കൽ | അധിക വായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, അറ്റ്ലസുകൾ തുടങ്ങിയവ ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവയിൽ പ്രദർശിപ്പിക്കൽ | വർഷത്തിൽ 1 തവണ | SS ടീച്ചർ | - |
| | തുടർന്ന് ക്ലാസ് ലൈബ്രറിയിൽ വിതരണം | ആഴ്ചയിൽ 01 തവണ | | - |

## ഉപമേഖല - സാമൂഹ്യശാസ്ത്ര ബുള്ളറ്റിൻ ബോർഡ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യ-ശാസ്ത്ര-നൂതന അറിവുകൾ കണ്ടെത്തലുകൾ പ്രദർശനം | എല്ലാ കുട്ടികൾക്കും കാണാനും വായിക്കാനും ഉതകുന്ന രീതിയിൽ S.S. കോർണറിൽ ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് ഒട്ടിക്കൽ | എല്ലാ ദിവസവും<br>ഒരു വർഷം | SS ക്ലബ്ബ് | |

## ഉപമേഖല - പഠനയാത്രകൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠനയാത്രകളിലൂടെ ചരിത്ര സ്മാരകങ്ങൾ ചുവർ ചിത്രങ്ങൾ, ക്ഷേത്ര കലകൾ, കോട്ടകൾ തുടങ്ങിയവയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കൽ | സാമൂഹ്യ പ്രാധാന്യമുള്ള സ്ഥലങ്ങൾ, ചരിത്രസ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | വർഷത്തിൽ ഒരു തവണ | SS ടീച്ചേഴ്സ് | PTA |

## ഉപമേഖല - സംവാദം, സെമിനാർ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സമകാലിക വിഷയങ്ങളെ കുറിച്ച് സംവാദം, പ്രത്യേക വിഷയങ്ങളിൽ സെമിനാർ തുടങ്ങിയവ (കൂടുതൽ അറിയാൻ) | സമകാലിക പ്രസക്തിയുള്ള വിഷയങ്ങളിൽ സംവാദം, സെമിനാർ, പാനൽ ചർച്ച തുടങ്ങിയവ സംഘടിപ്പിക്കൽ | മാസത്തിൽ 01 വീതം | SRG<br>S.S club | ജനപ്രതിനിധികൾ<br>PTA |

# വിവിധ തലത്തിൽ ഉള്ള പ്രവർത്തനങ്ങളുമായുള്ള ഏകോപനം

# ഇക്കോ ക്ലബ്ബ്

## ഇക്കോ ക്ലബ്ബ് പ്രവർത്തനങ്ങൾ

### ലക്ഷ്യം : അടുക്കളത്തോട്ടം രൂപപ്പെടുത്തേണ്ട മൂല്യങ്ങളും മനോഭാവങ്ങളും

കാർഷികവൃത്തിയോട് ആഭിമുഖ്യം ഉണ്ടാവുന്നു. കർഷകരെ ആദരവോടെ കാണുന്നു. പ്രകൃതിക്കിണങ്ങിയ കൃഷി അനുവർത്തിക്കുന്നു. ശാസ്ത്രീയ കൃഷിരീതികൾ അവലംബിക്കുന്നു, എന്നിവയിഞ്ഞ്....

| മാസം | ദിനാചരണം | പ്രവർത്തനങ്ങൾ |
|---|---|---|
| ജൂൺ 5 | പരിസ്ഥിതിദിനം | ഫലവൃക്ഷം, ഔഷധസസ്യങ്ങൾ, പച്ചക്കറി, പൂന്തോട്ടം എന്നിവ നട്ടു |
| ജൂലൈ | | വാഴത്തോട്ടം വൃത്തിയാക്കി പുകയില കഷായം ഉണ്ടാക്കി |
| ഓഗസ്റ്റ് | | കപ്പ നട്ടു |
| സെപ്റ്റംബർ | | തോട്ടം വൃത്തിയാക്കി |
| നവംബർ | കേരളപ്പിറവി | കയ്പ, ചീര, പപ്പായ നട്ടു. |
| ഡിസംബർ | | വിളവെടുപ്പ് നടത്തി. |

# രക്ഷിതാവ്

* പഠനവിടവ് പരിഹരിക്കാൻ സഹായിക്കാം
* പഠനപൊരുക്കുകൾ പൂർത്തിയാക്കാൻ സഹായിക്കാം
* രക്ഷകർത്തൃ വിദ്യാഭ്യാസം നേടുക
* ആരോഗ്യം, പഠനം ഇവയുമായി ബന്ധപ്പെട്ട് വിദഗ്ദ്ധരുടെ സന്ദേശങ്ങൾ രക്ഷിതാക്കളിൽ എത്തിക്കുക. ദേശീയ ആരോഗ്യ മിഷന്റെ വീഡിയോകൾ ഉപയോഗിക്കാം

# സ്കൂളിലെ ആരോഗ്യ പരിശോധനകൾ


* സ്കൂളുകൾ തുറന്നയുടൻ, വിദ്യാർത്ഥികൾക്കും ജീവനക്കാർക്കുമുള്ള അടിസ്ഥാന ആരോഗ്യ പരിശോധനകൾ ആരോഗ്യവകുപ്പുമായി ചേർന്നു നടത്തേണ്ടതാണ്.
* രോഗലക്ഷണങ്ങളുള്ളവരെ തിരിച്ചറിഞ്ഞ് അവർക്ക് അനുയോജ്യമായ ഇതര അക്കാദമിക പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്
* രോഗലക്ഷണ പരിശോധനാ രജിസ്റ്റർ സ്കൂളുകളിൽ സൂക്ഷിക്കണം
* രോഗലക്ഷണങ്ങളുള്ള ജീവനക്കാരുടെയും കുട്ടികളുടെയും പേരുകൾ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും പതിവായി നിരീക്ഷിക്കുകയും വേണം.

# SPORTS - Action Plan

* സ്ഥിരമായി കായിക അധ്യാപകന്റെ സേവനം ഉറപ്പാക്കുക
* കായിക സംസ്കാരം വളർത്തിയെടുക്കുക
* പ്രായത്തിനനുസരിച്ച് ഗ്രൂപ്പ് തിരിച്ച് മികച്ച പരിശീലനം നൽകുക
* പോഷകാഹാരം നൽകുക
* കായിക ഇനത്തോടുള്ള വിദ്യാർത്ഥികൾക്കുള്ള ആഭിമുഖ്യം വളർത്തിയെടുക്കുക
* പെൺകുട്ടികൾക്ക് സ്വയം പ്രതിരോധിക്കാനുള്ള ആയോധന കലകൾക്ക് ഊന്നൽ നൽകുക
* അസംബ്ലിയിൽ ലഘുവായ രീതിയിൽ കായിക പരിശീലനം നൽകുക
* അവധിക്കാല പരിശീലനം നൽകുക
* P.T Period-ൽ അധ്യാപകന്റെ നേതൃത്വത്തിൽ കുട്ടികൾക്ക് പരിശീലനം നൽകുക
* കുട്ടികൾക്ക് ആവശ്യമായ Sports ഉപകരണങ്ങൾ ലഭ്യമാക്കുക


## പിന്തുണ

ആവശ്യമുള്ളവർക്ക് വ്യക്തിപരമായി പിന്തുണ. ആവശ്യമായ പഠനസാമഗ്രികളും പദ്ധതിയും



## വിലയിരുത്തൽ

കുട്ടികൾക്ക് ആത്മവിശ്വാസത്തോടെ വിലയിരുത്തൽ പ്രവർത്തനങ്ങളെ സമീപിക്കാനാകണം



## അഭിരുചി പരിഗണിക്കണം



വിലയിരുത്തൽ പാഠങ്ങൾ (Assessment Text) തിരഞ്ഞെടുക്കാനവസരം നൽകണം

# പ്രശ്നങ്ങൾ

## കാരണങ്ങൾ

ആത്മവിശ്വാസം 

* പഠനപ്രക്രിയത്തിന് അനിവാര്യം.
* അദ്ധ്യാപകരുമായുള്ള നല്ല ബന്ധം സ്ഥാപിക്കാം.

കഴിവുകൾ ബോദ്ധ്യപ്പെടുത്തൽ 

* കുട്ടികളെ മനസ്സിലാക്കുക. സഹിതം പോർട്ടൽ ഉപയോഗിച്ച് രേഖപ്പെടുത്തുക
* നന്നായി ഫീഡ്ബാക്ക് നൽകുക (Student Profiles and Portfolios)

# JRC- Action Plan

## ജൂനിയർ റെഡ് ക്രോസ്സ്

സെന്റ് ആന്റണീസ് ഹൈസ്കൂളിൽ ഏഴുവർഷകാലമായി JRC പ്രവർത്തിക്കുന്നു. മൂല്യബോധം നഷ്ടപ്പെടുന്ന ഈ കാലത്ത് കുട്ടികൾക്ക് മാനുഷികപരമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുവാനും മറ്റുള്ളവരെ സഹായിക്കാനും സമൂഹത്തിന് വേണ്ടി സേവനം ചെയ്യാൻ പ്രാപ്തരാക്കാനും സഹജീവി സ്നേഹം ലക്ഷ്യമിടാനും JRC സംഘടനാ പ്രവർത്തനം സഹായിക്കുന്നു. സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങളിലും JRC-യുടെ പ്രാതിനിധ്യം ഉറപ്പുവരുത്താനും ശ്രമിക്കുന്നു. ആദ്യമായി JRC കേഡറ്റ്സിലേയ്ക്ക് ത്രിദിന സഹവാസ ക്യാമ്പ് നടത്താനും, കൂടുതൽ പ്രവർത്തനക്ഷമമാക്കാൻ ഈ ക്യാമ്പ് വഴി കഴിയും.

# ഉപസംഹാരം

# ഉപസംഹാരം

സുസ്ഥിര വികസന കാഴ്ചപ്പാടിലൂന്നി നമ്മുടെ വിദ്യാലയത്തിലെ വിഭവങ്ങൾ, ലൈബ്രറി, ലബോറട്ടറി, കമ്പ്യൂട്ടർ എന്നിവയെല്ലാം വിദ്യാർത്ഥി സൗഹൃദമായി രൂപകൽപ്പന ചെയ്യുകയും വിദ്യാർത്ഥികളോടൊപ്പം സമൂഹമൊന്നാകെ ഇത് പ്രയോഗത്തിൽ വരുത്തുകയും ചെയ്യുന്നതിലൂടെ വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കുക എന്ന ലക്ഷ്യം ഈ വർഷത്തെ അക്കാദമിക മാസ്റ്റർ പ്ലാൻ വിഭാവനം ചെയ്യുന്നു. ഈ ശ്രമത്തിലൂടെ ആധുനിക സാങ്കേതിക വിദ്യ പരമാവധി പ്രയോജനപ്പെടുത്തി വിദ്യാഭ്യാസം ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ, ആസ്വാദ്യതയോടെ ഒരു അറിവുത്സവമായി, മാറേണ്ടതാണ് എന്ന കാഴ്ചപ്പാടോടെ ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ ഉപസംഹരിക്കുന്നു.....